ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം

ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം

(ഹാജർ- ബിനോയ് ടോമി ജോർജ്ജ് )

വിഷയം : ജലസേചനം -ജീവനക്കാര്യം – ശ്രീമതി. ആഗി നസ്രത്ത്, ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്മാനെ 31-12-2022 വരെയുള്ള സിവിൽ വിഭാഗം ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്മാൻ മാരുടെ അന്തിമ മുൻഗണനാപട്ടികയിൽ ക്രമീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന : 1) 19-1-2024 ലെ ഈ കാര്യാലയത്തിലെ ഐ.സി.1-10221/2023 നമ്പർ ഉത്തരവ്

2) 29-01-2026 ലെ സർക്കാരിന്റെ എ3-84/2024/ജ.വി.വ - നമ്പർ കത്ത്

3) 04-03-2026 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ് നമ്പർ .ഐ.സി.1-459/2024 തീയതി: 22/04/2026**

ഹൈഡ്രോളജി സെക്ഷൻ കൊല്ലം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഒന്നാംതരം ഓവർസീയറായ ശ്രീമതി. ആഗി നസ്രത്തിന്റെ സ്ഥാനം സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച സിവിൽ വിഭാഗം ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്മാൻമാരുടെ 31-12-2022 വരെയുള്ള അന്തിമ മുൻഗണനാപട്ടികയിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ക്രമ നമ്പർ 193 ആയിട്ടാണ് ഉൾപ്പെട്ടിട്ടുള്ളത്. സൂചന 2 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ആഗി നസ്രത്തിനെ ഡിപ്ലോമ ക്വാട്ടയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം ലഭിച്ചിരിക്കുന്നു. ആയതിനാൽ ശ്രീമതി. ആഗി നസ്രത്ത് (PEN -799904) എന്നയാളുടെ സ്ഥാനം സർട്ടിഫിക്കറ്റ് ക്വാട്ട ക്രമ നമ്പർ 193 ൽ നിന്നും ഒഴിവാക്കി ഡിപ്ലോമ ക്വാട്ടയിൽ ക്രമനമ്പർ 351 ആയ ശ്രീ.സുധീഷ് കുമാർ .എസ് .ആർ (PEN-815296) നും ക്രമനമ്പർ 352 ആയ ശ്രീമതി.ഗോഷിയ.പി.ജി (PEN -815723) ക്കും മദ്ധ്യേ ക്രമനമ്പർ 351(A) ആയി ഉൾപ്പെടുത്താമെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നടപടി സംബന്ധിച്ച് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം (3) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത നടപടിയിന്മേൽ ആക്ഷേപമുള്ളവർക്ക് അപ്പീൽ സമർപ്പിക്കുന്നതിന് 15 ദിവസത്തെ സമയപരിധിയും അനുവദിച്ചിരുന്നു. എന്നാൽ ഇതുവരെ യാതൊരു അപ്പീലും ലഭിക്കാത്ത സാഹചര്യത്തിൽ ശ്രീമതി. ആഗി നസ്രത്തിന്റെ പേര് ചുവടെ ചേർക്കും വിധം ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്മാൻ മാരുടെ 31-12-2022 വരെയുള്ള അന്തിമ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

| Sl.No | Name | PEN | Date of Birth | Date of joining in present post | Promotion/ Direct | PSC Advice No./Promotion order No.& Date | Technical Qualification | RemarkS |
|---|---|---|---|---|---|---|---|---|
| 351 | Sudheesh Kumar S R | 815296 | 3/5/1991 | 20/12/2022 | Promotion | A4-33533/2022 dtd-15/12/2022 | B Tech | |
| 351(A) | Aggie Nazareth | 799904 | 8/10/1980 | 16/12/2022 | Promotion | A4-33533/2022 dtd-15/12/2022 | M Tech | |
| 352 | Goshiya P G | 815723 | 9/5/1984 | 3/1/2023 | Promotion | A4-33533/2022 dtd-15/12/2022 | Diploma | |

**ചീഫ് എഞ്ചിനീയർ**

പകർപ്പ്

(1) ശ്രീമതി. ആഗി നസ്രത്ത്, ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്മാൻ (മേലധികാരി മുഖേന)

(2) അസിസ്റ്റന്റ് എഞ്ചിനീയർ , ഹൈഡ്രോളജി സെക്ഷൻ , കൊല്ലം

(3) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , ഐ.ടി സെൽ, ഇറിഗേഷൻ (നോട്ടീസ്‌വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

(4) സീനിയർ സൂപ്രണ്ട്, എ സെക്ഷൻ

(5) കരുതൽ/ അധികം